ലൂക്ക 2:41-52

ഡിസംബർ 31: യൽദായ്ക്കുശേഷം 1-ാം ഞായർ

ഭാഷ്യം

I. സന്ദർഭം

ലൂക്കായുടെ സുവിശേഷത്തിലെ ബാല്യകാലവിവരണങ്ങളിൽ യേശുവിന്റെ ബാല്യ വിവരണത്തിന്റെ അവസാന ഭാഗമാണ് വചന ഭാഗം. ഒരു യഹൂദ കുടുംബത്തിൽ പിറക്കുന്ന കുഞ്ഞ് സാധാരണ കടക്കുന്ന അവസ്ഥകളെല്ലാം യേശുവിനും ഉണ്ടായി. എട്ടു ദിവസങ്ങൾക്കു ശേഷം പേരിടീലും, പരിഛേദനവും നടന്നു(2:21-24). കുഞ്ഞിനെക്കുറിച്ചുള്ള പ്രതീക്ഷകളും വെളിപ്പെടുത്തലും ശിമയോൻ, അന്ന എന്നീ ദീർഘദർശികൾ നൽകി (2:25-39). യേശു ജ്ഞാനത്തിലും കൃപയിലും ശക്തിപ്പെട്ടുകൊണ്ടിരുന്നു എന്ന പ്രസ്താവത്തിനു ശേഷം (2:40) കൗമാരഘട്ടവും യൗവ്വനവും എങ്ങനെ പിന്നിട്ടു എന്നതിന്റെ വാതിൽപുറ കാഴ്ചയാണ് വിചിന്തനം ചെയ്യപ്പെടുന്ന(2:41-52) വചന ഭാഗം.

II. പ്രമേയം

യേശു യുവത്വത്തിലേക്ക് പ്രവേശിക്കുമ്പോൾ, പ്രകടമാകുന്ന ജീവിത ദർശനവും ശൈലിയും ആണ് ഈ വചനഭാഗത്തെ പ്രധാന പ്രമേയം. കുടുംബത്തോടൊപ്പമാണെങ്കിലും തന്റെ ദൈവികാസ്തിത്വത്തെ കുറിച്ച് യേശു തന്നെ ആദ്യമായി വെളിപ്പെടുത്തുന്ന സംഭവമാണിത്. ഞാൻ എന്റെ പിതാവിന്റെ കാര്യങ്ങളിൽ വ്യാപൃതനായിരിക്കേണ്ടവനാണ് (2: 49). പിന്നീടുള്ള ജീവിതവും അതു തന്നെയായിരുന്നല്ലോ.

III. സന്ദേശം

1. ഒരു യഹൂദ കുടുംബത്തിന്റെ ജീവിത ശൈലി പിഴവുകൂടാതെ തുടരുന്ന ചിത്രം ആദ്യവചനങ്ങളിൽ വ്യക്തമാണ്. യൗസേപ്പും മാതാവും പെസഹ തിരുനാളിന്റെ കർമ്മാനുഷ്ഠാനങ്ങൾക്കായി ജറുസലം ദേവാലയത്തിലേക്ക് പോയിരുന്നു, കൂടെ മകനായ യേശുവും. യഹൂദ കുടുംബങ്ങൾ ഇന്നും വലിയ

ഉള്ളടുപ്പമുള്ള വിശ്വാസ ദൃഢതയുള്ള സമൂഹമായി തുടരുന്നതിന് കാരണം, അവരുടെ, വിശ്വാസ പൈതൃകം തലമുറകളിലേക്ക്, അഭംഗുരം കൈമാറ്റപ്പെടുന്നതുകൊണ്ടാണ്. പെസഹ തിരുനാളിനും പെസഹ ആചരണത്തിനുമൊക്കെ മക്കളെ കൂടെ നിറുത്തി അർത്ഥം പറഞ്ഞു കൊടുത്ത് വിശ്വാസത്തിന്റെയും കുടുംബബന്ധങ്ങളുടെയും അടിത്തറ ഉറപ്പാക്കുക പതിവായിരുന്നു. ഇന്നും നാം ശ്രദ്ധിക്കേണ്ട കാര്യമാണിത്. മാതാപിതാക്കളുടെ ജീവിത മൂല്യങ്ങളും ശൈലികളും ഒപ്പിയെടുക്കുന്നവരാണ് മക്കൾ. അതുകൊണ്ട് എന്ത് അർത്ഥവത്തായ കാര്യങ്ങൾ വീട്ടിൽ നിർവഹിക്കുമ്പോഴും മക്കളെ കൂടെ നിർത്താൻ ശ്രമിക്കുക. കുടുംബനന്മകൾ അവരുമായി അർത്ഥപൂർണ്ണമായി പങ്കുവയ്ക്കുക.

2. 12 വയസ്സ് ഒരാൾ പക്വത പ്രാപിക്കുന്ന പ്രായമായിട്ടാണ് യഹൂദ പാരമ്പര്യങ്ങൾ കരുതപ്പെടുന്നത്. ദൈവ കല്പനകൾ പാലിക്കാനും യഹൂദ ആചാരങ്ങൾ അനുഷ്ഠിക്കാനും ഒരാൾ വ്യതമെടുക്കുന്ന പ്രായം. വ്യക്തിപരമായി യേശു തന്റെ ചെയ്തികൾക്ക് ഉത്തരവാദിത്വം ഏറ്റെടുക്കാൻ പ്രാപ്തനായി എന്ന് ചുരുക്കം. മാതാപിതാക്കളൊന്നിച്ചുള്ള ഈ ജറുസലം യാത്ര അതിനുള്ള സൂചനകൾ നൽകുന്നുണ്ട്. മാതാപിതാക്കളോടൊപ്പം പോയ യേശു അവരെ വിട്ടു, ജറുസലമിൽ തങ്ങുന്നു. റബ്ബിമാരുമായി സ്വയം സംവേദിക്കുന്നു. മാതാപിതാക്കൾ അന്വേഷിച്ചു വരുമ്പോൾ തന്റെ ജീവിതത്തിന്റെ അർത്ഥം, ലക്ഷ്യം എന്നിവയൊക്കെ വ്യക്തമാക്കുന്നു. ഇത് നമുക്ക് ഒരു പാഠമാണ്. നമ്മുടെ മക്കൾക്ക് ലക്ഷ്യബോധം ഉണ്ടോ? അവരുടെ ജീവിതത്തെക്കുറിച്ച് ഒരു പ്ലാനും പദ്ധതിയും ഉണ്ടോ? എന്താണ് ഈ ജീവിതം കൊണ്ട് ചെയ്യാനുദ്ദേശിക്കുന്നത്? എന്നിങ്ങനെയുള്ള ചോദ്യങ്ങൾക്ക് അവർ സ്വയം ഉത്തരം കണ്ടെത്തണം. അതിനുള്ള സ്വാതന്ത്ര്യം മുതിർന്നവർ അവർക്കു നൽകണം.

3. തലമുറകൾ തമ്മിലുള്ള വ്യത്യാസവും, അകൽച്ചയും എന്നും ഉണ്ടായിരുന്നു. അതു തിരുക്കുടുംബത്തിലും ഉണ്ടായി. മക്കളെ മനസ്സിലാക്കാൻ മാതാപിതാക്കളും, മാതാപിതാക്കളെ ഉൾക്കൊള്ളാൻ മക്കൾക്കും പ്രയാസമേറെയുള്ള കാലയളവിലാണ് നാം ജീവിക്കുന്നത്. യേശു പറഞ്ഞ കാര്യങ്ങൾ മുഴുവൻ ആർക്കും മനസ്സിലായിട്ടില്ല. അപ്പസ്തോലന്മാർക്ക് പലതും മനസ്സിലായില്ല. ചിലർക്ക് എതിർപ്പും ഉണ്ടായി. യേശുവിന്റെ കാര്യത്തിൽ ജനന സംഭവത്തിൽ തന്നെ മറിയം ഒത്തിരി ചിന്തിച്ചും ധ്യാനിച്ചും മനസ്സിൽ സംഗ്രഹിച്ചു(2:19). ഇതാ ഒരിക്കൽ കൂടി മറിയം യേശു വചനങ്ങളെ ഹൃദയത്തിൽ സംഗ്രഹിക്കുന്നു. നമുക്ക് മുമ്പേ യേശുവിനായി ജീവിച്ചു മരിച്ച പലർക്കും യേശു രഹസ്യങ്ങൾ മുഴുവൻ മനസ്സിലായിക്കാണില്ല. ഇന്ന് നമുക്കും സംശയങ്ങളും ആശങ്കകളും ഉണ്ടാകുമ്പോൾ മറിയത്തെ മാതൃകയാക്കാം.

ഡോ. ജേക്കബ് മൂല്ലൂർ

പ്രസംഗം

ദേവാലയങ്ങളിൽ കാണാതെ പോകുന്നത്

ദേവാലയമെന്നാൽ ദൈവസാന്നിധ്യത്തിന്റെ ഇടമെന്നുതന്നെയാണ് നമുക്കെല്ലാം. എന്നാൽ യഹൂദരുടെ ഒരു വലിയ സ്വകാര്യ അഹങ്കാരമായിരുന്ന ജെറുസലെം ദേവാലയത്തിൽ ഒരു പെസഹാതിരുനാളിലെ ആൾത്തിരക്കിനിടയിൽ കാണാതെപോയ 12 വയസ്സുള്ള ഒരു ബാലൻ കാണിച്ചുതരുന്ന കാര്യങ്ങൾ ദൈവത്തെ ദേവാലയത്തിനു വെളിയിലേയ്ക്കു കൊണ്ടുവരുന്നു. അഥവാ ജീവിതപരിസരങ്ങളെ ദേവാലയമാക്കുന്നതെങ്ങനെയെന്നു പറഞ്ഞുതരുന്നു.

'അവനു 12 വയസ്സായപ്പോൾ പതിവനുസരിച്ച് അവർ തിരുനാളിനുപോയി'

ജീവിതത്തിൽ ഉണ്ടായിരിക്കേണ്ട ചില പതിവുകളെ ഓർമ്മിപ്പിക്കുന്നു ജെറുസലെം ദേവാലയത്തിരുനാൾത്തിരക്കിലെ തിരുക്കുടുംബം. അപ്പനും അമ്മയും മക്കളും ഒരുമിച്ച് പള്ളിയിൽ പോകുന്ന കാഴ്ച അടുത്തകാലംവരെ നമ്മുടെ നാട്ടിൻപുറങ്ങളിലെ ഒരു സാധാരണ ദൃശ്യമായിരുന്നു (നഗരങ്ങളെ ഇത്തരം പതിവുകളിൽ നിന്ന് നേരത്തെ ഒഴിവാക്കിയിട്ടുണ്ടത്രെ!). ആ യാത്ര ഒരു വിശ്വാസ പരിശീലനം കൂടിയായിരുന്നു. ഒരാളുടെ പ്രഭാതം എങ്ങനെ തുടങ്ങണം എന്നതിനെ സംബന്ധിച്ചുള്ള ഒരു പ്രായോഗിക പാഠം കൂടിയായിരുന്നു. ദൈവത്തെ തൊട്ടുകൊണ്ട് ഒരാൾ തന്റെ പുതിയ ദിവസത്തിലേയ്ക്കും ദിവസത്തിന്റെ പ്രവൃത്തികളിലേയ്ക്കും പ്രവേശിക്കണം എന്ന ഒരു വേദോപദേശം! കുടുംബാംഗങ്ങൾ ഒരുമിച്ചുള്ള ഭക്ഷണം, ഒരു നേരമെങ്കിലും ഒരുമിച്ചുള്ള പ്രാർത്ഥന ദിവസത്തിൽ ഒരു പ്രാവശ്യമെങ്കിലും... ഇത്തരം നല്ല കുറെ 'പതിവുകളെ' നമുക്ക് പതിയെ തിരികെ കൊണ്ടുവരാം. ഉള്ളതു നിലനിർത്തുകയുമാകാം.... സമയമില്ലെന്ന് മാത്രം പറയരുത്. സമയമില്ലെന്നാവർത്തിച്ചു പറയാനെടുക്കുന്ന സമയത്തിന്റെ പകുതിപോലും വേണ്ട ഇതിനൊന്നും!

'ബാലനായ യേശു ജെറുസലെമിൽ തങ്ങി; മാതാപിതാക്കൾ അത് അറിഞ്ഞില്ല... യാത്രാസംഘത്തിന്റെ കൂടെകാണും എന്നുകരുതി ഒരു ദിവസത്തെ വഴി പിന്നിട്ടു.'

മക്കളെക്കുറിച്ച് മാതാപിതാക്കൾക്ക് പലപ്പോഴുമുള്ള ഒരു വലിയ തെറ്റിദ്ധാരണ അവരെ തങ്ങൾക്ക് പൂർണ്ണമായും അറിയാം എന്നുള്ളതാണ്. ഏതെങ്കിലും ഒരു തെറ്റിൽ മക്കൾ പ്രതിചേർക്കപ്പെടുമ്പോൾ ധൃതരാഷ്ട്രർ കണക്ക് പുത്രവാത്സല്യംകൊണ്ട് അന്ധരാകുന്ന മാതാപിതാക്കളുടെ സ്ഥിരം പല്ലവി 'ഏയ് അവനങ്ങനെയൊന്നും ചെയ്യില്ല.. അവൻ എന്റെ മോനാ/മോളാ'. അമിത വാത്സല്യം മക്കൾക്കുവേണ്ടിയുള്ള ജാഗ്രതയെ ഇല്ലാതാക്കരുത്. അറിയണം. എന്റെ മക്കൾ എവിടെയാണ്? ആരാണ് അവരുടെ കൂട്ടുകാർ? വിശ്രമവേളകളിൽ എന്റെ മക്കളുടെ വിനോദങ്ങളെന്തൊക്കെയാണ്? അവൻ mobile phone ൽ

ഇത്രയും സമയം ആരോടാണ് സംസാരിച്ചുകൊണ്ടിരിക്കുന്നത്? രാത്രി വൈകിയും കമ്പ്യൂട്ടറിൽ അവൻ എന്തെടുക്കുകയാണ്? ഒരു ditective നെപോലെ എപ്പോഴും പുറകെ നടക്കണമെന്നല്ല. ജാഗ്രതയോടെ അവനിലേയ്ക്ക് സ്നേഹപൂർവ്വം പ്രവേശിക്കണമെന്നാണ് വിവക്ഷിച്ചത്. അറിയേണ്ടത് അവനെയല്ല, അവനിലുള്ളത്.

'....യേശുവിനെത്തിരക്കി അവർ ജറുസലേമിലേക്ക് തിരിച്ചുപോയി...'

നഷ്ടപ്പെട്ടതിനെ തിരയേണ്ടത് നഷ്ടപ്പെട്ട ഇടങ്ങളിൽത്തന്നെയാണ്; നമുക്കിഷ്ടമുള്ള, നമുക്കു സൗകര്യമുള്ള സ്ഥലങ്ങളിലല്ല. ദൈവത്തെ നിനക്ക് നഷ്ടമായത്, ദാമ്പത്യത്തിന്റെ അവിശുദ്ധ ബന്ധങ്ങൾക്കിടയിലാണെങ്കിൽ തെറ്റുതിരുത്തി തിരിച്ചു വരുമ്പോൾ, ദൈവം നിനക്ക് പ്രത്യക്ഷനാകുന്നു. ദൈവത്തെ നീ നഷ്ടപ്പെടുത്തിയത് ക്രയവിക്രയങ്ങളുടെ കള്ളത്രാസ്സിനിടയിൽ വച്ചെങ്കിൽ, ജലം പോലെയൊഴുകുന്ന നീതിയുടെ നീർച്ചാലരുവി മധ്യേതന്നെ അവൻ നിനക്ക് വെളിപ്പെടും. ഇത്തരം ചില തിരുത്തലുകൾക്കും, നല്ല തീരുമാനങ്ങൾക്കും തയ്യാറാകാതെ നീ നടത്തുന്ന 9 ദിവസത്തെ തുടർച്ചയായ നൊവേനകളോ, ഭരണങ്ങാനത്തേയ്ക്കും, വേളാങ്കണ്ണിയ്ക്കും മാറി മാറിയുള്ള യാത്രകളോ നിനക്ക് നഷ്ടപ്പെട്ട നിന്റെ സ്വസ്ഥതയെയോ, സമാധാനത്തെയോ, നിന്റെ ദൈവത്തെതന്നെയോ നിനക്ക് തിരികെത്തരില്ലെന്നോർക്കുക. നിനക്ക് നിന്റെ ദൈവത്തെ നഷ്ടപ്പെട്ടതെവിടെ....?

'3 ദിവസങ്ങൾക്കു ശേഷം അവർ അവനെ ദേവാലയത്തിൽ കണ്ടെത്തി....'

ജീവിതം നേട്ടങ്ങളുടെ സാധ്യതയെന്നതിനെക്കാളേറെ, നഷ്ടങ്ങളുടെ ഒരു ഭൂമിക തന്നെയാണ്. നഷ്ടങ്ങളാണധികവും, നഷ്ടപ്പെട്ടവരാണേറെയും. ചിലർക്ക് ആരോഗ്യം, ചിലർക്ക് സാമ്പത്തിക സുരക്ഷിതത്വം, ഇനിയും ചിലർക്ക് നല്ലൊരു കുടുംബജീവിതം, ഒരുപാടുപേർക്ക് സമാധാനം. നഷ്ടപ്പെട്ടത് യഥാർത്ഥത്തിൽ എന്താണെന്ന് തിരിച്ചറിയുകയാണ് അത് നേടിയെടുക്കാനുള്ള ശരിയായ ശ്രമത്തിന്റെ ആദ്യപടി. പിന്നെ നഷ്ടമായതിന്റെ യഥാർത്ഥ കാരണങ്ങളിലേയ്ക്ക് തിരിയുക.

ഒരാളുടെ ജീവിതത്തിലെ ഏറ്റവും വലിയ നഷ്ടം അയാൾക്ക് ദൈവത്തെ നഷ്ടമാവുന്ന അനുഭവം തന്നെയാണ്. സുവിശേഷത്തിലൊരിടത്ത് 38 വർഷമായി തളർന്നുകിടന്ന ഒരുവനെ പിന്നീട് ആരോഗ്യത്തോടെ ദേവാലയത്തിൽ കണ്ടെത്തുമ്പോൾ സുഖപ്പെടുത്തിയവൻ തന്നെ അവനോടാവശ്യപ്പെട്ടത് കൂടുതൽ മോശമായത് സംഭവിക്കാതിരിക്കാൻ മേലിൽപാപം ചെയ്യരുത് എന്നാണ്. 38 വർഷം തളർന്നുകിടന്ന ജീവിതത്തിലെ കഷ്ടപ്പാടുകളെക്കാൾ വലുതത്രെ, പാപം വഴി ഒരു നിമിഷമെങ്കിൽ ഒരു നിമിഷം ഒരാൾക്ക് ദൈവത്തെ നഷ്ടപ്പെടുന്ന അനുഭവം! ആരോഗ്യമോ, സൗന്ദര്യമോ, ജോലിയോ, നഷ്ടപ്പെട്ടത് എന്തുമാകട്ടെ, ദൈവത്തോട് തുലനം ചെയ്യുമ്പോൾ അതൊന്നുമല്ലെന്നും, ദൈവം നിനക്ക് നഷ്ടമായാൽ നിനക്കെല്ലാം നഷ്ടമായെന്നും തിരിച്ചറിയുക.

ഒപ്പം ജീവിതത്തിലെ ചില നഷ്ടങ്ങൾ നികത്താൻ ദൈവത്തിനു മാത്രമേ കഴിയൂ എന്നും മനസ്സിലാക്കുക. മദ്യം നല്കുന്നത് ശാന്തിയേയല്ല പിന്നെയോ അശാന്തിയുടെ ഒരുപാട് രാത്രികൾ...!

'കേട്ടവരെല്ലാം അവന്റെ ബുദ്ധിശക്തിയിലും മറുപടികളിലും അത്ഭുതപ്പെട്ടു....'

രണ്ടുവിധത്തിൽ ജീവിക്കാം. ഒന്ന് മറ്റുള്ളവരെ അസൂയപ്പെടുത്തിക്കൊണ്ട്, മറ്റൊന്ന് മറ്റുള്ളവരെ അത്ഭുതപ്പെടുത്തിക്കൊണ്ടും. ആഗോളവത്ക്കരണത്തിന്റെ ആർത്തിവിഴുങ്ങിയ വിപണി, വിവിധ ഉത്പന്നങ്ങളുടെ (പലതും നമുക്കാവശ്യമില്ലാത്തത്) പരസ്യങ്ങളിലൂടെ നമ്മെ നിരന്തരം നിർബന്ധിക്കുന്നത്, മറ്റുള്ളവരിൽ അസൂയ ജനിക്കുംവിധം ജീവിക്കുക എന്നതാണ്. നമുക്കാവശ്യമില്ലാത്തതുപോലും അധികമായ അളവിൽ വാങ്ങിക്കൂട്ടി ജീവിതത്തെ ധന്യമാക്കാമെന്നു കരുതുന്നതും, അത് അപ്പുറത്തെ വീട്ടിൽ ഉളവാക്കുന്ന അസൂയയും, അസംതൃപ്തിയും ഈ കാലത്തിന്റെ വലിയൊരു പ്രത്യേകത തന്നെ!

ക്രിസ്തു എപ്പോഴും മറ്റുള്ളവരെ അത്ഭുതപ്പെടുത്തി! അവന്റെ മറുപടികളിൽ വിസ്മയിച്ചവരും, അവന്റെ പ്രവൃത്തികളിൽ അത്ഭുതപ്പെട്ടവരുമായിരുന്നു അധികവും. കല്ലേറിയേണ്ടിയിരുന്നവളെ അവൻ കരുതലോടെ ആശ്വസിപ്പിച്ചപ്പോൾ കല്ലെടുത്തവരൊക്കെ ആശ്ചര്യപ്പെട്ടു. സാബത്തിന്റെ കാർക്കശ്യതയെ മറികടന്ന് കൈശോഷിച്ചവനെ കൈപിടിച്ചുയർത്തിയപ്പോൾ, കണ്ടു നിന്നവരുടെ മനസ്സിന്റെ ശോഷിപ്പാണ് യഥാർത്ഥത്തിൽ സുഖപ്പെട്ടത്. ഒരു ചില്ലുപാത്രം അമ്മയുടെ വിലക്കുമറന്നു കയ്യിലെടുക്കുന്ന ഒരു കുഞ്ഞ് അറിയാതെയത് താഴെവീണ് ചിതറുമ്പോൾ, അമ്മയുടെ ശകാരവും, പിന്നാലെ പതിയുന്ന ഒരടിയും പ്രതീക്ഷിച്ച് നില്ക്കെ, അങ്ങനെ സംഭവിക്കേണ്ടതിനു പകരം, ആശ്വാസത്തിന്റെ ഒരു തലോടലും, ഇനിയരുതെന്ന സ്നേഹതാക്കീതുമാണ് പിന്നാലെയെത്തിയതെന്നറിയുമ്പോൾ, ആ കുഞ്ഞിൽ നിറയുന്ന അത്ഭുതം! നമുക്ക് മറ്റുള്ളവരെ അത്ഭുതപ്പെടുത്തിക്കൊണ്ട് ജീവിക്കാം. സ്നേഹത്തിന്റെ, ക്ഷമയുടെ വിട്ടുവീഴ്ചയുടെയൊക്കെ അപ്രതീക്ഷിത അത്ഭുതാനുഭവങ്ങൾ സമ്മാനിച്ചുകൊണ്ട്... ഉത്പ്പത്തി പുസ്തകത്തിൽ ഏസാവ് യാക്കോബിനെ അത്ഭുതപ്പെടുത്തിയത് കണക്ക്.... (ഉല്പ 33:10)

'നിന്റെ പിതാവും ഞാനും ഉത്ക്കണ്ഠയോടെ നിന്നെ അന്വേഷിക്കുകയായിരുന്നു. ...'

കാണാതെ പോയവനെ തിരക്കിനിടയിൽ തിരഞ്ഞോടിയത് അവർ ഒരുമിച്ചായിരുന്നു. ഒരിക്കലും പരസ്പരം കുറ്റപ്പെടുത്താതെ, പഴിചാരാതെ ... ഉത്ക്കണ്ഠകൾ പരസ്പരം പങ്കുവച്ചുകൊണ്ട്...

ഒരു കുഞ്ഞ് മരിച്ചുപോകുന്നതിനേക്കാളേറെ സങ്കടകരമാണ് അതിനെ കാണാതെപോകുന്നത്. കാരണം അതിലെ അനിശ്ചിതത്വം തന്നെ. ജീവിതത്തി

ലെ അനിശ്ചിതാവസ്ഥകളിൽ, അരക്ഷിതാവസ്ഥകളിൽ, വേർപാടിന്റെ വേദന കളിൽ ഭാര്യയും ഭർത്താവും ഒരുമിച്ച് നിൽക്കട്ടെ, ഒരുമിച്ച് കരയട്ടെ, ഒരുമിച്ച് തിരയട്ടെ. അപ്പോൾ കൂടെകരയാൻ, കൂടെ തിരയാൻ അവനുമുണ്ടാകും ക്രിസ്തു.

'എന്റെ പിതാവിന്റെ കാര്യങ്ങളിൽ ഞാൻ വ്യാപൃതനായിരിക്കേണ്ടതാണെന്ന് നിങ്ങൾ അറിയുന്നില്ലേ....'

ഈ ഭൂമിയിലേയ്ക്ക് പിറന്നുവീഴുന്ന ഓരോ വ്യക്തിയും ഓരോ നിയോഗ ത്തിലേയ്ക്ക് കൂടിയാണ് പിറവിയെടുക്കുക. അതോരോന്നും ഓരോ വിധത്തി ലാകാം. അതൊടുവിൽ ദൈവത്തിലേയ്ക്കും, ദൈവത്തോടുകൂടിയും പൂർത്തി യാക്കേണ്ടതും, പൂർണ്ണമാകേണ്ടതുമാണ്!

മക്കൾ ദൈവത്തിന്റെ ദാനമെന്നറിയുക. ജീസസ് മേരിയുടേതല്ല, പിതാവായ ദൈവത്തിന്റേതാണ്! അവൻ പൂർത്തിയാക്കേണ്ടത് മേരിയുടെ ഇഷ്ടങ്ങളുമല്ല; അവനെ അയച്ചവന്റെ ഹിതം മാത്രമാണ്. ആ നിയോഗത്തിലേയ്ക്കും, നിർദ്ദേ ശങ്ങളിലേയ്ക്കും മകനെ വളർത്തിയൊരുക്കുക മാത്രമാണ് മേരിയുടെ കർമ്മം. ഓർക്കുക നിന്റെ മകൻ/മകൾ നിന്റേതല്ല ദൈവത്തിന്റേത്. കുറേക്കാലത്തേക്ക് നിന്റെ കൈയ്യിൽ സൂക്ഷിക്കാനേല്പിച്ചുവെന്നു മാത്രം! കുറവുകൂടാതെ, മടികൂടാതെ തിരികെ ഏല്പ്പിക്കണം, യഥാകാലം 'ഉടമസ്ഥനെ'. ആ ഉടമസ്ഥ നെക്കുറിച്ച് അവനെ ഓർമ്മപ്പെടുത്തേണ്ടതും നീ തന്നെയാണ്.

സത്യമായും നീയല്ല അവനെ/അവളെ ജനിപ്പിച്ചത്. നിന്നിലൂടെ പുറത്തു വന്നു എന്നുമാത്രം (ഖലിൽ ജിബ്രാൻ). എങ്കിൽ, അവനുവേണ്ടിയുള്ള നിന്റെ സ്വപ്നങ്ങളെക്കാൾ പ്രഥമവും, പ്രധാനമായും, അവനെ ജനിപ്പിച്ച അവന്റെ ദൈവത്തിന്റേതല്ലേ.

'...അവൻ അവർക്കു വിധേയനായി ജീവിച്ചു'

തിരുക്കുടുംബത്തിൽ പിറന്നവൻ കുടുംബത്തിൽ ജീവിക്കേണ്ടതെങ്ങനെ യെന്ന് കാട്ടിത്തരുന്നു. അത് വിധേയപ്പെട്ടു തന്നെയാണ്; വചനത്തിന്, ദൈവ ത്തിന്, മാതാപിതാക്കൾക്ക്, നിയമങ്ങൾക്ക്, അച്ചടക്ക ശൈലികൾക്ക്... ഒക്കെ. നമ്മുടെ മാതാപിതാക്കൾക്ക് എന്തൊക്കെ കുറവുണ്ടെന്നിരിക്കിലും, നമുക്ക് ജന്മം തന്നു എന്ന ഒറ്റക്കാരണത്താൽ നാം ഈ ജീവിതം മുഴുവൻ അവരോട് കടപ്പെട്ടിരിക്കുന്നു. 'നബി' തിരുമേനിയുടെ അവസാന നാളുകളിലൊന്നിൽ ഒരാൾ ഉപദേശം തേടിയെത്തി. 'ഈ ഭൂമിയിൽ ഞാൻ ഏറ്റവും അധികം ആദ രിക്കേണ്ടതാരെയാണ്?' നബിയുടെ മറുപടി 'നിന്റെ മാതാവിനെ' 'അതുകഴി ഞ്ഞാൽ?' 'നിന്റെ മാതാവിനെ' 'അതുകഴിഞ്ഞാലോ?' നിന്റെ 'മാതാവിനെ ത്തന്നെ'

'അവന്റെ അമ്മ ഇക്കാര്യങ്ങളെല്ലാം ഹൃദയത്തിൽ സംഗ്രഹിച്ചു....'

മറിയം ജീവിച്ച ഒരു 'പാറ്റേണാണിത്.' അത് എല്ലാം ഹൃദയത്തിൽ സംഗ്രഹി ച്ചുകൊണ്ടായിരുന്നു! അത് ആത്മാവും മാംസവും സമന്വയിപ്പിക്കുന്ന വിധം!

യുക്തിയും വിശ്വാസവും സംഭവിക്കുന്നയിടം! അതിൽ ധ്യാനമുണ്ട്; അനുസരണയുണ്ട്; പരാതികളില്ലാത്ത പരിവ്രാജിതയുണ്ട്; സർവ്വോപരി സമ്പൂർണ്ണമായ ഒരു സമർപ്പണത്തിന്റെ കുരിശടികളും! നീ ജീവിക്കേണ്ടതും ഇങ്ങനെ തന്നെ, നീ താണ്ടേണ്ടതും ഈ ദൂരം തന്നെ...

'യേശു ജ്ഞാനത്തിലും, പ്രായത്തിലും ദൈവത്തിന്റേയും മനുഷ്യരുടേയും പ്രീതിയിലും വളർന്നു വന്നു....'

പ്രായത്തിനനുസരിച്ചുള്ള ഒരാളുടെ പെരുമാറ്റമത്രെ പക്വത. ജ്ഞാനവും പ്രായവും തമ്മിലുള്ള ഏകീകരണവും, ഏകാഗ്രതയുമാണത്. അതുകൊണ്ടാണ് ക്രിസ്തുവിന്റെ പ്രബോധനങ്ങൾ പിന്നീട് അവരുടെ യഹൂദറബ്ബിമാരെ അതിജയിച്ചതും, അതിശയിപ്പിച്ചതും ഇപ്പോഴും അതിജീവിക്കുന്നതും! ബുദ്ധിയോടൊപ്പം ഹൃദയവും വളരുന്ന വളർച്ചയുടെ സമഗ്രത, ശരീരത്തോടൊപ്പം മനസ്സും വളരുന്ന വളർച്ചയുടെ ഏകാഗ്രത. ഇതൊക്കെ നമ്മുടെ കുട്ടികളുടെ 'കരിക്കുല' ചർച്ചകളെ സമ്പന്നമാക്കട്ടെ.

ഓർക്കുക. മറിയത്തിനുപോലും ഈശോയെ കൈവിട്ടുപോയ ഒരു മണ്ണാണിത്! ജീവിതത്തിലെ ചില തിരക്കുകളിൽ നിനക്കും അവനെ നഷ്ടമാകുമെന്നുറപ്പ്. പക്ഷെ ആദ്യം നീ ആ നഷ്ടത്തെ തിരിച്ചറിയണം, അതിന്റെ മൂല്യത്തെ, മറ്റൊന്നിനെക്കൊണ്ടും പകരം വയ്ക്കാനാകാത്ത അതിന്റെ അനശ്വരതയെ പിന്നെ നീ തിരയണം, നഷ്ടപ്പെട്ട ഇടങ്ങളിൽ... ഒടുവിൽ നീ കണ്ടെത്തും... ഒരു ദേവാലയം; അതിന്റെ പടികളിൽ നിന്നെ കാത്ത്, അവൻ നിന്റെ ക്രിസ്തു.

ഫാ. മാത്യു കിലുക്കൻ